Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 795KCBC/K-6/KPR/DS 16.05.2021

## അനുശോചനസന്ദേശം

### ഫാ. ഡൊമിനിക് ഫെർണാണ്ടസ് വൈദിക പരിശീലന രംഗത്ത് മഹത്തായ സംഭാവനകൾ നൽകിയ മിഷനറി: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: വൈദികപരിശീലനരംഗത്തു മഹത്തായ സംഭാവനകൾ നൽകിക്കൊണ്ട് ഒരു കാലഘട്ടത്തിലെ വൈദികരെ രൂപപ്പെടുത്തിയ മിഷനറി വൈദികനാണ് ഫാ. ഡൊമിനിക് ഫെർണാണ്ടസ് എന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി പ്രഫസർ, റെക്ടർ, ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ രണ്ടര പതിറ്റാണ്ടു കാലം സ്തുത്യർഹമായ സേവനം ചെയ്ത കർമ്മലീത്താ വൈദികന്റെ മരണത്തിൽ കെസിബിസി പ്രസിഡണ്ടും ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ചാൻസലറുമായ കർദിനാൾ ആലഞ്ചേരി നൽകിയ അനുശോചന സന്ദേശത്തിലാണ് ഇക്കാര്യം അനുസ്മരിച്ചിരിക്കുന്നത്.

1954 മുതൽ 1978 വരെയുള്ള കാലഘട്ടത്തിൽ ഫാ. ഡൊമിനിക് ഫെർണാണ്ടസിന്റെ സേവന രംഗം ആലുവ സെമിനാരിയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ സെമിനാരി പരിശീലനം കാലാനുസൃതമായി പരിഷ്കരിക്കുവാൻ അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. വൈദികവിദ്യാർത്ഥികൾ ദൈവവിശ്വാസത്തിലും സഭാസ്നേഹത്തിലും വളരുന്നതോടൊപ്പം ഭൗതികമേഖലകളിലും കഴിവുള്ളവരായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അതിനുവേണ്ടി അനേകം കാര്യങ്ങൾ അദ്ദേഹം നടപ്പിൽ വരുത്തി. ആലുവ സെമിനാരിയോട് ചേർന്ന് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനു അദ്ദേഹം നൽകിയ നേതൃത്വം ഒരുദാഹരണം മാത്രമാണ്. സെമിനാരി വിദ്യാർത്ഥികളെ കലാകായിക രംഗങ്ങളിൽ പ്രവീണരാക്കുന്നതിന് യൂണിവേഴ്സിറ്റി കോളേജുകളോട് ചേർന്ന് അദ്ദേഹം പരിശ്രമിച്ചു. ബഹു. ഡൊമിനിക് അച്ചൻ റെക്ടറും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റുമായിരുന്ന കാലഘട്ടത്തിൽ അവിടെ വൈദിക പരിശീലന നേടുവാനും പുതിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യത്തെ ബാച്ചിൽ ഒരാളായി ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം പൂർത്തിയാക്കാനും സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതുന്നുവെന്നും കർദിനാൾ ആലഞ്ചേരി അനുസ്മരിച്ചു.

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

ക്രാന്തദർശിയും സൗമ്യനും മാന്യവും സംശുദ്ധവുമായ പെരുമാറ്റരീതിയുടെ ഉടമയുമായിരുന്നു ബഹു. ഡൊമിനിക്കച്ചൻ. സഹപ്രവർത്തകരെ വിശ്വാസത്തിലെടുത്ത് എല്ലാവരുടെയും സഹകരണം ഉറപ്പാക്കിയാണ് അദ്ദേഹം പ്രവർത്തിച്ചത്. സഭാധികാരികളോടുള്ള വിധേയത്വവും അദ്ദേഹത്തിന്റെ പ്രധാന സവിശേഷതയായിരുന്നു. വൈദിക പരിശീലന രംഗത്തു ഈ നാടിന്റെ സംസ്കാരത്തിനു പ്രാധാന്യം നൽകുന്നതിൽ അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നു. ബഹു. ജോൺ ജോസഫ് അച്ചൻ, ധന്യനായ സഖറിയാസ് അച്ചൻ, ധന്യനായ ഔറേലിയൂസ് അച്ചൻ, ബഹു. മൈക്കളാഞ്ചലോ അച്ചൻ എന്നീ പ്രഗൽഭരായ കർമ്മലീത്താ വൈദികരുടെ നിരയിൽ നിൽക്കുന്നു ബഹു. ഡോമിനിക് അച്ചൻ. കർമ്മലീത്ത വൈദികർ കേരളത്തിലെ സഭയുടെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. ബഹു. ഡോമിനിക്കച്ചന്റെ സേവനങ്ങളും അതോടൊപ്പം എക്കാലവും സ്മരിക്കപ്പെടുമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**

**ഡെപ്യൂട്ടി സെക്രട്ടറി ജനറാൾ**